# വിദ്യാഭ്യാസ അവകാശനിഷേധത്തിനെതിരെ

# പ്രതിഷേധ സംഗമം

സുഹൃത്തേ,

നാടിന്റെ സ്വാതന്ത്ര്യ സ്വപ്നങ്ങൾക്കൊപ്പംതന്നെ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള സങ്കല്പങ്ങളും വളർന്നുവന്നു. ഇന്ത്യൻ ഭരണഘടനയിൽ വിദ്യാഭ്യാസത്തെക്കുറിച്ചുള്ള നവസങ്കല്പങ്ങൾ എഴുതിച്ചേർക്കപ്പെട്ടു. സൗജന്യവും സാർവ്വത്രികവും നിർബന്ധിതവുമായ വിദ്യാഭ്യാസം പത്തുവർഷത്തിനുള്ളിൽ ഇന്ത്യയിലെ എല്ലാ കുട്ടികൾക്കും നൽകുമെന്നാണ് ഭരണഘടന വാഗ്ദാനം ചെയ്തത്. എന്നാൽ 65 വർഷം പിന്നിടുമ്പോഴാണ് ഇടതുപക്ഷ പാർട്ടികളുടെ സമ്മർദ്ദഫലമായി വിദ്യാഭ്യാസ അവകാശം മൗലികമാക്കുന്ന ഒരു നിയമം നമ്മുടെ രാജ്യത്തുണ്ടായത്. എന്നാൽ ഈ നിയമം നടപ്പാക്കുന്നതിൽ കടുത്ത അനാസ്ഥയാണ് കേന്ദ്രസർക്കാർ അനുവർത്തിക്കുന്നത്. നിയമം നടപ്പാക്കാനാവശ്യമായ ഫണ്ട് അനുവദിച്ചില്ലെന്നുമാത്രമല്ല, ബജറ്റ് വിഹിതത്തിൽ വൻ വെട്ടിക്കുറവ് വരുത്തുകയും ചെയ്തു.

കേരളത്തിലാണെങ്കിൽ കൊട്ടിഘോഷിക്കപ്പെടുന്ന ഈ നിയമംമൂലം ഒരു ചലനവും ഉണ്ടായില്ല സൗജന്യവും സാർവ്വത്രികവുമായ വിദ്യാഭ്യാസം നേരത്തെത്തന്നെ ഉറപ്പുവരുത്തിയ സംസ്ഥാനമാണ് കേരളം. ഏറെക്കുറെ അത് നിർബന്ധിതവുമാണ്. വിപുലമായ വിദ്യാഭ്യാസ ശൃംഖലയാണ് കേരളത്തിലുള്ളത്. ഇന്ത്യക്കും മറ്റുലോകരാജ്യങ്ങൾക്കുപോലും മാതൃകയായി കേരളം വളർന്നു. വിദ്യാഭ്യാസ വ്യാപനമല്ല ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നത് കേരളത്തിന്റെ പൊതുലക്ഷ്യമായി വളർന്നു. പൊതുവിദ്യാഭ്യാസ വ്യാപനത്തിന്റെ ഭാഗമായി വ്യവസ്ഥാ - സംവിധാനങ്ങളിലാകെ ഗുണപരമായ മാറ്റങ്ങളുണ്ടായി. വിദ്യാലയങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കാനുതകുന്ന അനുബന്ധ സംവിധാനങ്ങളിലും വലിയ മാറ്റങ്ങൾ വന്നു. എന്നാൽ ഇതെല്ലാം തകർക്കുന്ന സമീപനമാണ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സ്വീകരിക്കുന്നത്.

കേരളത്തിലെ 12000 ത്തോളം വരുന്ന വിദ്യാലയങ്ങളിൽ 5500 ഓളം സ്കൂളുകളിൽ 100 ൽ താഴെ കുട്ടികളാണുള്ളത്. 60 കുട്ടികളിൽ താഴെയുള്ള 141 സ്കൂളുകളും നമ്മുടെ നാട്ടിലുണ്ട്. കുട്ടികൾ കുറഞ്ഞ സ്കൂളുകൾ അടച്ചുപൂട്ടണമെന്നതാണ് യു.ഡി.എഫ് നയം. കുട്ടികൾ കുറഞ്ഞ ഒരു വിദ്യാലയത്തെ മറ്റൊന്നിനോടു ചേർത്തും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽതന്നെ മറ്റു സ്ഥാപനങ്ങൾ ആരംഭിച്ചുമെല്ലാം പൊതുവിദ്യാഭ്യാസത്തെ തകർക്കുന്ന സമീപനം സ്വീകരിക്കുന്നു. കൂടാതെ സർക്കാരിന്റെ സഹായമേതുമില്ലാതെ പ്രവർത്തിക്കുന്ന അൺ-എയ്ഡഡ് സ്ഥാപനങ്ങൾക്ക് അനുമതി നൽകുകയാണ്. വിദ്യാഭ്യാസ കച്ചവടക്കാർ അരയും തലയും മുറുക്കി രംഗത്തുവരികയും സർക്കാർ അവർക്കുവേണ്ടി തലകുനിച്ചു നിൽക്കുകയും ചെയ്യുന്നു. ഇത്തരം ബദൽ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വ്യാപനം പൊതുവിദ്യാഭ്യാസം തകരുന്നതിന് ഏറ്റവും പ്രധാനപ്പെട്ട കാരണങ്ങളിൽ ഒന്നാണ്. സൗജന്യ വിദ്യാഭ്യാസം തകർക്കുക എന്ന അക്ഷന്തവ്യമായ തെറ്റാണ് ഇതിലൂടെ യു.ഡി.എഫ് സർക്കാർ ചെയ്യുന്നത്. ഇത് വിദ്യാഭ്യാസ അവകാശ നിഷേധമാണ്.

ഉച്ചഭക്ഷണ പരിപാടി അട്ടിമറിച്ചതിനെയും ഇതേ രീതിയിൽ കാണണം. നേരത്തെ നല്ല നിലയിൽ നടന്നിരുന്ന ഉച്ചഭക്ഷണ പരിപാടി സർക്കാർതന്നെ അട്ടിമറിച്ചു.സൗജന്യ പാഠപുസ്തക വിതരണം താറുമാറാക്കി. പരീക്ഷകളുടെ നടത്തിപ്പും അട്ടിമറിച്ചു. കഴിഞ്ഞ വർഷം സർക്കാർ വാഗ്ദാനം ചെയ്ത 'എല്ലാ കുട്ടികൾക്കും യൂണിഫോം' എന്ന പരിപാടി കമ്മീഷൻ കൈപ്പറ്റുന്നതിനുവേണ്ടി കുത്തകകൾക്ക് അടിയറവെച്ചു. എസ്.എസ്.എ നിശ്ചലാവസ്ഥയിലായി. വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളെയാകെ നോക്കുകുത്തികളാക്കി. തസ്തിക നിർണ്ണയം നടത്താതെ കഴിഞ്ഞ മൂന്നുവർഷം മുന്നോട്ടുപോയി. തസ്തിക നിർണ്ണയം നടത്തിയാൽ ആയിരക്കണക്കിന് അധ്യാപകരുടെ തൊഴിൽ നഷ്ടപ്പെടും എന്ന സ്ഥിതിയുണ്ടായി. ലോകത്തിനുതന്നെ മാതൃകയായ ഐ.ടി അധിഷ്ഠിത പഠനം നിർജ്ജീവമാക്കി.വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ അധ്യാപക-വിദ്യാർത്ഥി അനുപാതം കുറയ്ക്കുമെന്ന വാഗ്ദാനം സർക്കാർ ലംഘിച്ചു. ദേശീയ പാഠ്യപദ്ധതി ചട്ടക്കൂടിന്റെ അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട മികവുറ്റ പാഠ്യപദ്ധതി നിക്ഷിപ്ത താൽപര്യക്കാരുടെ സമ്മർദ്ദഫലമായി അട്ടിമറിക്കപ്പെട്ടു.

ചുരുക്കത്തിൽ വിദ്യാഭ്യാസ അവകാശങ്ങളാകെ ഒന്നൊന്നായി നിഷേധിക്കുകയും പൊതുവിദ്യാഭ്യാസം തകർക്കുകയും ചെയ്യുക എന്ന ലക്ഷ്യമാണ് സർക്കാരിനുള്ളത്. ഇതിനെതിരെ വിപുലമായ പ്രചാരണ-പ്രക്ഷോഭ പരിപാടികൾക്ക് കെ.എസ്.ടി.എ തയ്യാറെടുക്കുകയാണ്. ഇതിന്റെ ഭാഗമായി ***സബ്ജില്ലാതലത്തിൽ 2014 മാർച്ച് 16 മുതൽ 30 വരെ നടക്കുന്ന പ്രതിഷേധ സംഗമത്തിൽ പങ്കെടുത്ത് വിജയിപ്പിക്കുവാൻ എല്ലാ രക്ഷിതാക്കളോടും വിദ്യാർത്ഥികളോടും മറ്റുവിദ്യാഭ്യാസ പ്രവർത്തകരോടും അഭ്യർത്ഥിക്കുന്നു.***

അഭിവാദനങ്ങളോടെ,

**കെ. എൻ. സുകുമാരൻ**
പ്രസിഡന്റ്

**എ.കെ. ഉണ്ണികൃഷ്ണൻ**
ജനറൽ സെക്രട്ടറി

**കേരളാ സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ**